**ഒക്ടോബർ 24–30**

പാഠം 5

# യേശു പ്രധാന ഗുരുവായി

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: എബ്രാ. 1:1–4; 2 കൊരി. 4:1–6; യോഹ. 1:14,18; 14:1–14; ഫിലി. 2:1–11; 2 കൊരി. 5:16–21**

**മനഃപാഠവാക്യം: "ഇരുട്ടിൽനിന്നു വെളിച്ചം പ്രകാശിക്കണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു" (2 കൊരി. 4:6).**

അവരുടെ സൈന്യമേധാവിയുടെ അകമ്പടിയോടെ ഒരു പ്രാദേശിക ആശുപത്രിയിൽ പട്ടാളക്കാരെ സന്ദർശിച്ചതിന്റെ കഥ ബില്ലി ഗ്രഹാം പറയുന്നു. ഒരു യുവസൈനികൻ "മാരകമായി മുറിവേറ്റതിനാൽ ഒരു പ്രത്യേക ചട്ടക്കൂടിൽ കമിഴ്ന്നു കിടക്കുകയായിരുന്നു." ഒരു ഡോക്ടർ ഗ്രഹാമിന്റെ കാതിൽ മന്ത്രിച്ചു "അവൻ വീണ്ടും നടക്കുമോ എന്ന് ഞാൻ സംശയിക്കുന്നു." ആ സൈനികൻ ജനറലിനോട് അപേക്ഷിച്ചു: "സാർ... ഞാൻ താങ്കൾക്ക് വേണ്ടി പൊരുതി, എന്നാൽ ഞാൻ അങ്ങയെ ഒരിക്കലും കണ്ടിട്ടില്ല. എനിക്ക് താങ്കളുടെ മുഖം ഒന്ന് കാണാൻ കഴിയുമോ?" അതിനാൽ ആ ജനറൽ താഴെ ഇറങ്ങി ആ ചട്ടക്കൂടിനടിയിലേക്ക് കയറി ആ സൈനികനുമായി സംസാരിച്ചു. ഗ്രഹാം നോക്കിക്കൊണ്ടിരുന്നപ്പോൾ, ആ സൈനികനിൽനിന്ന് ഒരു തുള്ളി കണ്ണീർ ആ ജനറലിന്റെ മുഖത്തേക്ക് പതിച്ചു.

യേശുവിന്റെ ജനനസമയത്ത്, മനുഷ്യകുലം മാരകമായി മുറിവേറ്റ് രക്തം വാർന്നുകൊണ്ടിരുന്നു, ദൈവത്തിന്റെ ഒരു സൗഖ്യദർശനത്തിനുവേണ്ടി. മനുഷ്യരാശി യാചിച്ചു എന്ന പോലെയാണ്, "ഓ ദൈവമേ, ഞങ്ങൾക്ക് നിന്റെ മുഖം ഒന്ന് കാണാൻ കഴിയുമോ?" ഈ ഗ്രഹത്തിലേക്ക് തന്റെ മകനെ അയച്ചതിലൂടെ, ആ പിതാവ് ആ പ്രധാന ഗുരുവിനെ അയച്ചത് ഒരു ദൗത്യത്തിനായാണ്: മാനവജാതിയെ അവന്റെ മുഖം കാണിക്കാൻ. ആ സമയം മുതൽ, നമുക്ക് കാണുന്നതിനുള്ള അത്ഭുതകരമായ അവസരമുണ്ട്. "യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സ്" (2 കൊരി. 4:6).

ആ പ്രധാന ഗുരു ഭൂമിയിലേക്ക് വരുന്നത് നാം കാണുമ്പോൾ, നമുക്ക് അവനിൽനിന്ന് എന്ത് പഠിക്കാൻ കഴിയും?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 31 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## പിതാവിനെ വെളിപ്പെടുത്തുന്നു

**എബ്രായർക്കുള്ള ലേഖനത്തിന്റെ ആരംഭത്തിൽ യേശുവിനെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പറയുന്ന ഏറ്റവും പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്? (എബ്രാ. 1:1–4).**

പുതിയനിയമ എഴുത്തുകാർ ഒരു സുപ്രധാനമായ ആശയം ഊന്നിപ്പറയുന്നു: യേശു ഭൂമിയിലേക്ക് വരുന്നത് ആരാണ് പിതാവെന്ന് മനുഷ്യരെ കാണിക്കുവാനാണ്. മുൻകാലങ്ങളിൽ, ദൈവത്തിന്റെ വെളിപ്പാട് ഭാഗികമായ രീതിയിൽ പ്രവാചകന്മാരിലൂടെ വന്നു; എന്നാൽ യേശുവിലാകട്ടെ പൂർണ്ണവും അന്ത്യവുമായ വെളിപ്പാട് വന്നിട്ടുണ്ട്.

യേശു “അവന്റെ തേജസ്സിന്റെ പ്രഭ” ആണ് (എബ്രാ. 1:3). പാപികളായ മനുഷ്യരെന്ന നിലയിൽ, നമുക്ക് അവന്റെ പൂർണ്ണ മഹത്വം പ്രാപ്യമല്ല. അവതാര പുത്രൻ എന്ന നിലയിൽ, യേശു ആ മഹത്വത്തെ പ്രതിഫലിപ്പിക്കുന്നു. ദൈവത്തിന്റെ സ്വഭാവം വ്യക്തമായി മനസ്സിലാക്കുന്നതിനും കാണുന്നതിനും അത് ക്രിസ്തുവിന്റെ മനുഷ്യപ്രകൃതിയിൽ പ്രകടമാണ്. യേശു “തത്വത്തിന്റെ മുദ്രയും” ആണ് (എബ്രാ. 1:3). ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം ‘സ്വഭാവം’, ചിലപ്പോഴൊക്കെ മെഴുകിൽ ഒരു മുദ്ര ഉണ്ടാക്കുന്ന പാടിനെയോ ഒരു നാണയത്തിൽ ഉണ്ടാക്കപ്പെടുന്ന സ്വരൂപത്തെയോ സൂചിപ്പിക്കുന്നു. അപ്പോൾ യേശു “തത്വത്തിന്റെ മുദ്രയും” (എബ്രാ. 1:3) ആകുന്നു. നാം പിതാവിനെ അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നാം ശ്രദ്ധയോടെ പ്രധാന ഗുരു അവനെക്കുറിച്ച് പറയുന്നത് കേൾക്കണം. നാം പ്രധാന ഗുരുവിനെയും നിരീക്ഷിക്കണം. പിതാവ് പുത്രനിൽ കാണപ്പെടുന്നു.

**എബ്രാ. 1:1–4, 2 കൊരി. 4:1–6 മായി താരതമ്യം ചെയ്യുക. 2 കൊരി. 4:1–6 ൽ യേശു ആരാണ്, നാം അവനിൽനിന്നും എന്തു പഠിക്കുന്നു?**

അവർ യേശുവിനെക്കുറിച്ച് മറ്റുള്ളവരെ പഠിപ്പിച്ചപ്പോൾ, പൗലൊസും അവന്റെ സഹപ്രവർത്തകരും പിതാവിനെക്കുറിച്ചുള്ള യേശുവിന്റെ സ്വന്തം ശുശ്രൂഷ പ്രതിഫലിപ്പിക്കാൻ ശ്രമിച്ചു. “ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു” (2 കൊരി. 4:4), യേശു നമുക്ക് പിതാവായ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം നൽകി. ഇതുപോലെ തന്നെ, പൗലൊസ് ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടുചേർക്കാതെയും, സത്യം വെളിപ്പെടുത്തുന്നു (2 കൊരി. 4:2).

സൃഷ്ടിപ്പിന്റെ സമയത്ത് ഇരുട്ടിനെ അകറ്റാൻ ദൈവം വെളിച്ചം ഉപയോഗിച്ചതുപോലെതന്നെ, അവൻ തന്റെ പുത്രനായ യേശുവിനെ നമുക്ക് നല്കിയിട്ടുണ്ട്, അവനെക്കുറിച്ചുള്ള വ്യാജ കാഴ്ചപ്പാടുകൾ അകറ്റുവാനും ദൈവത്തെക്കുറിച്ചുള്ള സത്യം നമ്മെ കാണിക്കുവാനും. “യേശുവിന്റെ മുഖത്തിലാണ്” നാം ദൈവത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ പരിജ്ഞാനം നേടുന്നത് (2 കൊരി. 4:6).

**യേശു കൃത്യമായി പിതാവിനെ പ്രതിഫലിപ്പിച്ചു, നാമും അതിനായി വിളിക്കപ്പെട്ടിരിക്കുന്നു കാരണം നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത് “ആകയാൽ പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ” (എഫെ. 5:1). അതിന്റെ അർത്ഥം എന്താണ്, ദൈവത്തെ “അനുകരിക്കുന്നവർ” എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ച് യേശുവിൽ നിന്ന് നമുക്ക് എന്ത് പഠിക്കാൻ കഴിയും?**

## പിതാവിനെ വെളിപ്പെടുത്തുന്നു (തുടർച്ച)

അവന്റെ സുവിശേഷത്തിനുള്ള ഹൃദയസ്പർശിയായ ആമുഖത്തിൽ (യോഹ. 1:1–18), യോഹന്നാൻ യേശുവിനെ നിത്യ "വചനം" ആയി ചർച്ച ചെയ്യുന്നു. യേശുവിനു വേണ്ടിയുള്ള യോഹന്നാന്റെ അവകാശവാദങ്ങൾ ഭീരുത്വമുള്ളതോ പരിമിതമോ അല്ല; അവ നിർഭയമായതും സാർവത്രികവുമാണ്. ലോകം ഉളവാകുന്നതിനു മുമ്പു തന്നെ യേശു നിലനിന്നിരുന്നു - വാസ്തവത്തിൽ നിത്യത മുതൽ. വാസ്തവത്തിൽ, യേശുവാണ് സൃഷ്ടിയുടെ കാര്യകർത്താവ് (യോഹ. 1:2,3), അവൻ "മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹ. 1:4), കൂടാതെ ഭൂമിയിലേക്ക് വന്ന വചനം എന്ന നിലയിൽ, അവൻ "ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്നു" (യോഹ. 1:9).

യോഹന്നാന്റെ അഭിപ്രായത്തിൽ, ക്രിസ്തു മനുഷ്യനായതിന്റെ ഫലം എന്താണ്? വചനം എന്ന നിലയിൽ, അവൻ എന്ത് വെളിച്ചമാണ് കൊണ്ടുവന്നത്? അങ്ങനെ ചെയ്യുന്നതിന് അവന് എന്തെല്ലാം യോഗ്യതകളാണ് ഉള്ളത്? (യോഹ. 1:14,18).

"ലോകത്തിന്റെ അന്ധകാരം ഏറ്റവും കടുത്തതായിരുന്നപ്പോൾ ആ വെളിച്ചം പ്രത്യക്ഷമായി...

"മനുഷ്യവർഗ്ഗത്തിന് ഒരു പ്രത്യാശ മാത്രമേ ഉണ്ടായിരുന്നുള്ളൂ... ലോകത്തിന് ദൈവത്തിന്റെ പരിജ്ഞാനം പുനഃസ്ഥാപിക്കുക എന്നത്.

"ഈ പരിജ്ഞാനം പുനഃസ്ഥാപിക്കാനാണ് ക്രിസ്തു വന്നത്. ദൈവത്തെ അറിയാം എന്ന് അവകാശപ്പെട്ടവർ അവനെ തെറ്റായി അവതരിപ്പിച്ചപ്പോൾ ആ വ്യാജ ഉപദേശം മാറ്റിവെയ്ക്കാൻ അവൻ വന്നു. വിശുദ്ധിയുടെ സൗന്ദര്യം അവന്റെ സ്വന്തം സ്വഭാവത്തിൽ വെളിവാക്കുവാൻ, അവന്റെ ന്യായപ്രമാണത്തിന്റെ പ്രകൃതം പ്രകടമാക്കുവാൻ അവൻ വന്നു" - E. G. White, Education, pp. 74-76.

"ഭൂമിയിലെ അവന്റെ ജീവിതത്തിൽ യേശു ചെയ്തതിനെല്ലാം ഒരേയൊരു ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ: മനുഷ്യജാതിയുടെ ഉന്നമനത്തിനുവേണ്ടി ദൈവത്തിന്റെ വെളിപ്പാട്" - Education, p. 82.

യേശു തന്നെ പറയുന്നു, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ. 14:9). യേശുവിന്റെ പ്രസ്താവനയുടെ പശ്ചാത്തലം എന്തായിരുന്നു? അവൻ എന്തുകൊണ്ട് അങ്ങനെ ചെയ്തു? (യോഹ. 14:1–14).

ഫിലിപ്പോസിന്റെ അബദ്ധമായ പ്രസ്താവനയെ വിമർശിക്കാൻ നാം പ്രേരിതരായേക്കാം (യോഹ. 14:8). വർഷങ്ങളായി യേശുവുമായുള്ള അടുത്ത കൂട്ടായ്മയ്ക്കു ശേഷവും, അവൻ അവതാരത്തിന്റെ ആവശ്യമായ കാര്യം വിട്ടുകളയുന്നു - യേശു വന്നത് പിതാവിന്റെ സ്വഭാവം വെളിപ്പെടുത്താനാണ് എന്നുള്ളത്. ഒരുപക്ഷേ ഇന്നത്തെ അദ്ധ്യാപകർക്ക് ഈ വസ്തുതയിൽനിന്നും അല്പം ആശ്വാസം കണ്ടെത്താം, അതായത് പ്രധാന ഗുരുവിന്റെ ശിഷ്യന്മാരിൽ ഒരാൾ ഇത്ര മോശം പ്രകടനം കാഴ്ച വെച്ചുവെന്ന്! ഫിലിപ്പോസിന്റെ പ്രസ്താവന ഒരു പക്ഷേ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടാകാം, എന്നാൽ, അത് നമുക്കവനെ വിമർശിക്കാനുള്ള കാരണമായല്ല മറിച്ച് നമ്മെത്തന്നെ പരിശോധിക്കുന്നതിന് നമുക്ക് ഒരു അവസരം തരുന്നതിനാണ്. നാം യേശുവിനോട് ഒത്ത് എത്ര കാലം നടന്നു? നാം യേശുവിനെ ഫിലിപ്പോസിനെക്കാൾ മെച്ചമായി മനസ്സിലാക്കിയിട്ടുണ്ടോ? "എന്നെ കണ്ടവൻ പിതാവിനെയും കണ്ടിരിക്കുന്നു."

## പ്രധാന ഗുരുവിന്റെ മനസ്സ് വായിക്കുന്നു

**അവൻ അവന്റെ എഴുത്ത് അവർക്ക് എഴുതുമ്പോൾ പൗലൊസിന്റെ ഹൃദയത്തിൽ ഫിലിപ്പിയയിലെ ക്രിസ്തീയ സമൂഹത്തെക്കുറിച്ച് എന്ത് ഉത്കണ്ഠ ആണ് ഉള്ളത്? ഫിലി. 2:1–4; 4:2,3.**

വേദപുസ്തകത്തിൽ ആകമാനം ഏറ്റവും ഉൾക്കാഴ്ചയുള്ള (അഗാധമായ) പുസ്തകഭാഗങ്ങളിൽ ഒന്നാണ് ഫിലിപ്പിയർ 2:1–11. അത് ക്രിസ്തുവിന്റെ മുമ്പേയുള്ള നിലനില്പിനെപ്പറ്റി ചർച്ച ചെയ്യുന്നു. അവന്റെ ദിവ്യത്വം, അവന്റെ അവതാരം, അവന്റെ മനുഷ്യത്വം, അവന്റെ ക്രൂശുമരണത്തിന്റെ സ്വീകാര്യത. സ്വർഗ്ഗത്തിൽനിന്ന് കാൽവറിയിലേക്ക് യേശു എടുത്ത ദീർഘവും, വിഷമകരവുമായ താഴോട്ടുള്ള പാത അത് വിവരിക്കുന്നു (ഫിലി. 2:5–8). സാർവത്രിക ആരാധനാ സ്ഥാനത്തേക്ക് പിതാവ് എങ്ങനെ യേശുവിനെ ഉയർത്തിയെന്ന് അത് വിവരിക്കുന്നു (ഫിലി. 2:9–11). വളരെയധികം വിസ്മയസത്യം ആ വാക്യങ്ങളിൽ നിറച്ചിരിക്കുന്നു.

**ഫിലിപ്പിയർ 2:5–11 നെ പൗലൊസ് എങ്ങനെ പരിചയപ്പെടുത്തുന്നു? അവൻ ആഘോഷിക്കുന്ന യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളിൽ, അവരുടെ സ്വന്തം ജീവിതങ്ങളിൽ വിശ്വാസികൾ പ്രതിഫലിപ്പിക്കണമെന്ന് പൗലൊസ് പ്രതീക്ഷിക്കുന്നത് ഏതൊക്കെയാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?**

തർക്കപ്രിയരായ ഫിലിപ്പിയയിലെ വിശ്വാസികൾ യേശുവിൽനിന്നും അവന്റെ അവതാരത്തിൽനിന്നും പഠിക്കുമെന്ന് പൗലൊസ് പ്രത്യാശിക്കുന്നു. യേശുവിന് മനുഷ്യരൂപം സ്വീകരിക്കാൻ കഴിയുകയും – “ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി” (ഫിലി. 2:7) – ക്രൂശീകരണത്തിനുപോലും സമർപ്പിക്കയും ചെയ്തപ്പോൾ, അവർ അന്യോന്യം സ്നേഹത്തിൽ എത്രയധികം സമർപ്പിക്കണം? പ്രധാന ഗുരുവായ യേശുവിൽനിന്ന് നമുക്ക് വളരെയധികം പഠിക്കാനുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അവന്റെ ഐഹിക ശുശ്രൂഷാസമയത്ത് അവൻ പങ്കുവെച്ച ദൂതുകളിൽനിന്നും നാം പഠിക്കുന്നു. അവൻ ചെയ്ത അത്ഭുതങ്ങളിൽനിന്നും അവൻ മറ്റുള്ളവരോട് ഇടപെടുന്ന രീതിയിൽനിന്നും നാം പഠിക്കുന്നു. മറ്റുള്ളവരുമായുള്ള നമ്മുടെ സ്വന്തം ബന്ധങ്ങളിൽ താഴേക്കിറങ്ങിവരാനുള്ള അവന്റെ സന്നദ്ധതയെ നമുക്ക് മാതൃകയാക്കാം. സ്വർഗ്ഗത്തിലെ മഹിമകൾക്ക് പകരമായി ഒരു പുൽക്കൂട് സ്വീകരിക്കാൻ അവൻ കാണിച്ച സന്നദ്ധതയെക്കുറിച്ച് നമുക്ക് ആഴത്തിൽ ധ്യാനിക്കാം (നമുക്ക് എത്ര വലിയ ഒരു പാഠം!).

ഇതിനു വിപരീതമായി, ഈ ലോകം ആവശ്യപ്പെടുന്നത് നമ്മെത്തന്നെ ഉയർത്തിക്കാണിക്കുവാനും നമ്മുടെ നേട്ടങ്ങളെപ്പറ്റി പൊങ്ങച്ചം പറയാനുമാണ്. ബേത്ലഹേമിലുള്ള ഒരു പുൽക്കൂട്ടിലെ പ്രധാന ഗുരുവിൽനിന്നും നാം വ്യത്യസ്തമായ ഒരു പാഠം പഠിക്കുന്നു – വിദ്യാഭ്യാസം എന്ന ദൈവത്തിന്റെ വലിയ വേലയും രക്ഷയും നേടിയെടുക്കുന്നത്, നമ്മെത്തന്നെ ഉയർത്തുന്നതിലൂടെ അല്ല പിന്നെയോ നമ്മളെത്തന്നെ ദൈവമുമ്പാകെ താഴ്ത്തി മറ്റുള്ളവരുടെ ദാസന്മാർ ആകുന്നതിലൂടെയാണ്.

**നിങ്ങൾ നിങ്ങളെത്തന്നെ താഴ്ത്തുമ്പോൾ മറ്റുള്ളവരിലേക്ക് ക്രിസ്തുവിനെ പ്രതിഫലിപ്പിക്കാൻ നിങ്ങൾക്ക് ഒരു ശക്തമായ അവസരം നൽകാൻ ഉതകുന്ന എന്ത് സാഹചര്യമാണ് നിങ്ങൾ ഇപ്പോൾ പോലും നേരിടുന്നത്?**

## നിരപ്പാകലും പ്രധാന ഗുരുവും

മാനുഷിക ബന്ധങ്ങൾ മിക്കപ്പോഴും തകർന്നുവീഴും. നാം അന്യോന്യം അന്യരായിത്തീരുന്നു. ഒരിക്കൽ നമ്മുടെ അടുത്ത ചങ്ങാതി ആയിരുന്ന വ്യക്തി, കാലം കടന്നുപോകുമ്പോൾ, നാം അവിശ്വസിക്കുന്ന ആരോ ആയിത്തീരുന്നു. എന്നിരുന്നാലും അപ്രകാരം തകർന്ന ഒരു ബന്ധം നേരെയാക്കാനാകും. അത് സംഭവിക്കുമ്പോൾ, നാം നിരപ്പാകലിന്റെ അതിശയം അനുഭവിക്കുന്നു. മനുഷ്യ അനുഭവങ്ങളിൽ ഇതുപോലെ മധുരമായവ ചുരുക്കമാണ്.

**പ്രധാന ഗുരുവെന്ന അവന്റെ പങ്കിലും, ക്രിസ്തുവിന്റെ അവതാരത്തിന്റെ ഹൃദയഭാഗത്തും എങ്ങനെയാണ് നിരപ്പാകൽ ഉള്ളത്? 2 കൊരി. 5:16–21.**

മറ്റൊരു മനുഷ്യജീവിയുമായുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെടുമ്പോൾ അനുഗ്രഹിക്കപ്പെട്ടതായി നമുക്ക് തോന്നുന്നുവെങ്കിൽ, ദൈവവുമായി നാം നിരപ്പിലാകുമ്പോൾ, നമുക്ക് എത്ര മഹത്തരമായ അനുഭവമായിരിക്കും. 2 കൊരി. 5:16–21 ൽ, ആരാണ് നിരപ്പാകൽ നടത്തുന്നത് എന്നതിനെക്കുറിച്ച് പൗലൊസിന് വ്യക്തമാണ് - അവനുമായുള്ള നമ്മുടെ തകർന്ന ബന്ധം ശരിയാക്കുന്നതിൽ പിതാവായ ദൈവം മുൻകൈ എടുത്തിട്ടുണ്ട്. ഈ നിരപ്പാകൽ പ്രവൃത്തി അവൻ ചെയ്തിട്ടുള്ളത് "ക്രിസ്തുവിലൂടെയാണ്" (2 കൊരി. 5:18). "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു" (2 കൊരി. 5:19). ദൈവം നമ്മെ ക്രിസ്തുവിലൂടെ അവനോട് നിരപ്പാക്കി. ഇപ്പോൾ നമുക്കും പൗലൊസിനോടൊത്ത് "നിരപ്പാകൽ ശുശ്രൂഷ" നൽകപ്പെട്ടിരിക്കുകയാണ് (2 കൊരി. 5:18). ക്രിസ്തുവിന്റെ അവതാരത്തെ സംബന്ധിച്ച് മറ്റൊരു മഹത്തായ പുതിയനിയമ പുസ്തകഭാഗമാണ് കൊലൊസ്സ്യർ 1:15–20. മിക്കപ്പോഴും ഒരു ഗാനം എന്ന് കരുതപ്പെട്ടിരുന്ന പുസ്തകഭാഗത്തിന്റെ ആദ്യ പകുതി സൃഷ്ടിപ്പിൽ ക്രിസ്തുവിന്റെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുന്നു (കൊലൊ. 1:15–17), അതേസമയം അവസാനഭാഗം വീണ്ടെടുപ്പിൽ ക്രിസ്തുവിന്റെ പങ്കിന് ഊന്നൽ കൊടുക്കുന്നു (കൊലൊ. 1:18–20).

വീണ്ടെടുപ്പുകാരനും സ്രഷ്ടാവുമായ ക്രിസ്തുവിന്റെ പങ്കിലൂടെ, ദൈവം സകലത്തെയും തന്നോട് നിരപ്പിക്കുന്നു. ക്രിസ്തുവിലൂടെ ദൈവം സാധ്യമാക്കുന്ന നിരപ്പാക്കലിന്റെ പ്രവൃത്തി തോതിൽ സാർവത്രികമാണ്, സകലതിനെയും സ്വാധീനിച്ചുകൊണ്ട്, "ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോട് നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" (കൊലൊ. 1:20).

നിരപ്പാക്കുന്ന പ്രവൃത്തി എന്ന നിലയിലുള്ള പ്രധാനഗുരുവിന്റെ സാർവത്രികമായ തോതിന് ഒപ്പമെത്താൻ നമുക്ക് ഒരിക്കലും സാധിക്കില്ലെങ്കിലും, നമ്മുടെ സ്വന്തം മേഖലയിലുള്ള "നിരപ്പാകൽ ശുശ്രൂഷ''യിൽ പങ്കെടുക്കാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുകയാണ് (2 കൊരി. 5:18).

"നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു" (യോഹ. 17:18) എന്ന് യേശു പ്രാർത്ഥിച്ചപ്പോൾ ഇതായിരുന്നിരിക്കുമോ യേശുവിന്റെ മനസ്സിൽ?

**നിരപ്പാക്കുന്നവൻ എന്ന നിലയിൽ ദൈവത്തിന്റെ പങ്ക് പ്രതിഫലിപ്പിക്കാൻ നമ്മെ സാധ്യമാക്കുന്ന പ്രായോഗിക വഴികൾ എന്ത്? അതായത്, ഇപ്പോഴുള്ള എന്ത് സാഹചര്യത്തിലാണ് (എന്തെങ്കിലും ഉണ്ടെങ്കിൽ) ജനങ്ങൾ അന്യോന്യം നിരപ്പാകുന്നതിന് നിങ്ങൾക്ക് സഹായിക്കാൻ കഴിയുക?**

## പ്രധാനഗുരുവിന്റെ ആദ്യ വിദ്യാർത്ഥികൾ

ഒരു നിമിഷം, അവർ ഒരു ചെറിയ പട്ടണത്തിനു പുറത്ത് ഒരു ശരാശരി ആട്ടിൻ കൂട്ടത്തെ പരിപാലിച്ചുകൊണ്ടിരുന്ന സാധാരണ ആട്ടിടയന്മാരായിരുന്നു. അടുത്ത നിമിഷം, ലോകം തകർക്കുന്ന, അത്ഭുതകരമായ, ഞെട്ടിത്തരിപ്പിക്കുന്ന ദൂത് വഹിച്ച ദൂതന്മാരുടെ ആശ്ചര്യകരമായ പ്രത്യക്ഷപ്പെടലിന് സാക്ഷികളായി. അതിനാൽ പ്രചോദിതരായി, ദൂതന്മാർ പ്രഖ്യാപിച്ച ആ ശിശുവിനെ അവർ തേടി കണ്ടെത്തി.

**ആട്ടിടയന്മാരോടൊത്ത് പുൽക്കൂട്ടിലേക്ക് സൂക്ഷിച്ചു നോക്കിനില്ക്കുന്നത് ഭാവന ചെയ്യുക, നിങ്ങൾ എന്തു കാണും? ലൂക്കൊസ് 2:8–20.**

പ്രധാന ഗുരുവിന്റെ ആദ്യ വിദ്യാർത്ഥികളെ നാം ശ്ലാഘിക്കണം – യോസേഫും, മറിയയും, ആട്ടിടയന്മാരും. യേശുവിന്റെ ജനനത്തിന്റെ എളിയ സാഹചര്യങ്ങൾ അവതാര അത്ഭുതത്തിന്റെ യാതൊരു സൂചനയും നല്കുന്നില്ല – അതായത്, ശിശുവിന്റെ ആൾരൂപത്തിൽ, ദൈവം മനുഷ്യജാതിയുമായി ഒന്നായിത്തീർന്നു. എന്നിരുന്നാലും, ദർശനങ്ങളുടെയും, സ്വപ്നങ്ങളുടെയും, ദൂതന്മാരുടെയും സഹായത്തോടെ, അവന്റെ ആദ്യ വിദ്യാർത്ഥികൾക്ക് യേശുവിന്റെ ജനനത്തിന്റെ ബാഹ്യമായ കാഴ്ചയ്ക്കപ്പുറം കാണാൻ കഴിയുന്നു. ആട്ടിടയന്മാർ ഈ ശിശു യഥാർത്ഥത്തിൽ ആരാണെന്ന് മറ്റുള്ളവരുമായി പങ്കുവെക്കുന്നു, അതായത് അവൻ, “കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്” (ലൂക്കൊസ് 2:11) ആണെന്ന കാര്യം.

**യേശുവിന്റെ ജനനത്തിന്റെ വാർത്തയോട് വിദ്വാന്മാർ എങ്ങനെ പ്രതികരിക്കുന്നു? ഹെരോദാവ് എങ്ങനെ പ്രതികരിക്കുന്നു? മത്തായി 2:1–12.**

അവൻ അവന്റെ ആദ്യ ഉപമ പറയുന്നതിനുമുമ്പേ അല്ലെങ്കിൽ അവന്റെ ആദ്യ അത്ഭുതം പ്രവർത്തിക്കുന്നതിനുമുമ്പേ ആ പ്രഥമഗുരു നമ്മുടെ ആരാധനയ്ക്കു യോഗ്യനാണ്, കാരണം അവൻ ആരാണെന്നതു തന്നെ. യേശുവിന്റെ പില്ക്കാലത്തുള്ള ശിക്ഷണശുശ്രൂഷ പൂർണ്ണമായി ആസ്വദിക്കുവാൻ, നാം ഈ ആദിമ വിദ്യാർത്ഥികളായ വിദ്വാന്മാരോടൊത്ത്, പ്രഥമഗുരുവിനോടുള്ള അവരുടെ ആരാധനയിൽ ചേരണം. ആരുടെ ശിക്ഷണമാണോ നാം ആസ്വദിക്കുന്നത് അവൻ ഒരു ബുദ്ധിമാനായ ശിക്ഷകനിലും അപ്പുറമാണ്. അവൻ മനുഷ്യനോടൊത്ത് വസിക്കാൻ വന്ന ദൈവമാണ്. ക്രിസ്തീയ വിദ്യാഭ്യാസം ക്രിസ്തുവിന്റെ ആരാധനയിൽ വേരൂന്നിയിരിക്കയാണ്. വിദ്വാന്മാരോടും, ആട്ടിടയന്മാരോടും, ദൂതന്മാരോടുംകൂടെ നവജാത രാജാവായ ക്രിസ്തുവിനെ ആരാധിക്കുവാനും ശിശുവായ യേശുവിൽ ദൈവത്തിന്റെ തന്നെ യാഥാർത്ഥ്യം കാണുവാനും നാം വിളിക്കപ്പെട്ടിരിക്കുകയാണ്.

**ദൈവത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് യേശുവിന്റെ അവതാരം എന്ത് അർത്ഥമാക്കുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കുക. മുഴുപ്രപഞ്ചത്തിന്റെയും സ്രഷ്ടാവ്, അത് അത്ര വലിയതാകുന്നതുകൊണ്ട് നമുക്ക് മനസ്സിലാക്കാനാകില്ല – ഈ ദൈവം “തന്നെത്താൻ താഴ്ത്തി” മനുഷ്യരിലേക്ക് വന്നു, യേശുവായി ജീവിച്ചു, പിന്നീട് നമ്മുടെ പാപങ്ങളുടെ ശിക്ഷ അവന്റെ മേൽ വഹിച്ച് ക്രൂശിൽ മരിച്ചു. ഇത് എന്തുകൊണ്ടാണ് ഇത്ര നല്ല വാർത്ത ആയിരിക്കുന്നത്?**

## കൂടുതൽ ചിന്ത:

എലൻ ജി. വൈറ്റിന്റെ "The Teacher sent from God", pp. 73-78, Education വായിക്കുക.

"ദൈവത്തിൽനിന്ന് അയക്കപ്പെട്ട ഗുരു എല്ലാ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെയും കേന്ദ്രമാണ്. 2000 വർഷങ്ങൾക്കുമുമ്പ് അവൻ സ്ഥാപിച്ച വേലയെപ്പോലെ സത്യമായി ഇന്നത്തെ വേലയെക്കുറിച്ചും, രക്ഷകൻ ഈ വാക്കുകളിൽ സംസാരിക്കുന്നു-

'ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു.' 'ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ആകുന്നു' (വെളി. 1:17,18; 21:6).

"അപ്രകാരമുള്ള ഒരു ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ, ദിവ്യ അഭ്യസനത്തിനുള്ള അപ്രകാരമൊരു അവസരത്തിൽ, അവനെ ഒഴിച്ചുനിർത്തിയുള്ള ഒരു വിദ്യാഭ്യാസം തേടുന്നത് എത്ര വിഡ്ഢിത്തമാണ് - പരിജ്ഞാനത്തെ മാറ്റിനിർത്തി ജ്ഞാനിയാകാൻ നോക്കുക; സത്യത്തെ തള്ളിക്കളഞ്ഞിട്ട് സത്യവാനാകാൻ നോക്കുക; വെളിച്ചത്തെ ഒഴിവാക്കി പ്രകാശപൂരിതമാക്കാൻ നോക്കുക; ജീവനില്ലാതെ നിലനില്പിന് ശ്രമിക്കുക; ജീവജലത്തിന്റെ ഉറവകളിൽനിന്ന് തിരിഞ്ഞ്, വെള്ളമില്ലാത്ത പൊട്ടക്കിണറുകളെ ഉണ്ടാക്കുക.

"നോക്കൂ, അവൻ ഇപ്പോഴും ക്ഷണിക്കയാണ്: 'ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.' 'ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും' (യോഹ. 7:37,38; 4:14) - E. G. White, Education, p. 83.

പ്രിയ ഗുരുവേ,

നിങ്ങളുടെ വേലയ്ക്കുള്ള ഏറ്റവും ഉന്നതമായ തയ്യാറെടുപ്പ് എന്ന നിലയിൽ, ഞാൻ നിങ്ങളെ ഗുരുക്കന്മാരുടെ രാജകുമാരനായവന്റെ രീതികളിലേക്കും, ജീവിതത്തിലേക്കും, വാക്കുകളിലേക്കും ചൂണ്ടിക്കാട്ടുന്നു. നിങ്ങൾ അവനെ കണക്കിലെടുക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഇവിടെയാണ് നിങ്ങളുടെ യഥാർത്ഥ മാതൃക. ദിവ്യഗുരുവിന്റെ ആത്മാവ് നിങ്ങളുടെ ജീവനെയും ഹൃദയത്തെയും ഏറ്റെടുക്കുന്നതുവരെ അതിൽ മനസ്സ് അർപ്പിക്കുക, ദർശിക്കുക. "കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി" തീരുമ്പോൾ നിങ്ങൾ "അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരി. 3:18). "നിങ്ങളുടെ വിദ്യാർത്ഥികളുടെ മേലുള്ള അധികാരത്തിന്റെ രഹസ്യം ഇതാണ്, അവനെ പ്രതിബിംബിക്കുക."

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **പ്രധാന ഗുരുവിന്റെ അവതാരത്തിൽനിന്നും പഠിക്കുക എന്ന ആശയം ഗൗരവമായെടുക്കുന്ന ക്രിസ്തീയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എന്തെല്ലാം പ്രവൃത്തികളും മൂല്യങ്ങളുമായിരിക്കും പ്രധാനം?**
2. **ക്രിസ്തീയ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ഒരു ഉന്നതമായ നിലവാരമുണ്ട് - യേശുവിന്റെ അവതാരത്തിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്വഭാവം പ്രതിബിംബിക്കുക എന്നത്. ഈ ഉന്നതമായ നിലവാരത്തിന് കുറവ് സംഭവിക്കുമ്പോൾ നാം എന്തു ചെയ്യണം?**

* * *